"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കു ടാബ് വാങ്ങുന്നതിന് വായ്പ അനുവദിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.379/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-
1. തദ്ദേശ അദാലത്തിൽ 07.09.2024 തീയതി കോഴിക്കോട് കോർപ്പറേഷൻ നികുതി അപ്പീൽ സ്ഥിരം സമിതി ചെയർമാൻ സമർപ്പിച്ച അപേക്ഷ.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2024 തീയതിയിലെ LSGD/PD/32779/2024-DPLD4 നമ്പർ കത്ത് (SRG/856/24)
3. 16.10.2024-തീയതിയിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.8 തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലർമാർക്ക് കൗൺസിൽ യോഗത്തിനുള്ള അജണ്ടാ വിഷയങ്ങൾ വ്യക്തമായി വായിച്ച് മനസ്സിലാക്കുന്നതിനായി ടാബ് അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം തദ്ദേശ അദാലത്തിൽ കോഴിക്കോട് കോർപ്പറേഷൻ നികുതി അപ്പീൽ സ്ഥിരം സമിതി ചെയർമാൻ അപേക്ഷ സമർപ്പിച്ചിരുന്നു. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ അംഗങ്ങൾക്കു ടാബ് വാങ്ങുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ സമർപ്പിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം എടുത്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മെമ്പർമാരുടെ കാലാവധിക്കകം ഹോണറേറിയത്തിൽ നിന്നും ഈടാക്കാനാവുന്ന വിധം, എന്നാൽ 50% ൽ കവിയാത്ത വിധം ഗഡുക്കൾ നിശ്ചയിച്ച് വായ്പ അനുവദിക്കുന്നതിനും, വായ്പ ഉപയോഗിച്ച് ടാബ് വാങ്ങി എന്നുറപ്പ് വരുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥയിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് ടാബ് വാങ്ങുന്നതിന് വായ്പ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ/സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം).

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/174/2024-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 07-02-2025 11:27:53
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.